# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 25**

---

## ടൈംസ് ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ എം.ജി സർവകലാശാല രാജ്യത്ത് നാലാമത്

*ടൈംസ് ഹയർ എജ്യുക്കേഷന്റെ 2025ലെ ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് രാജ്യത്ത് നാലാം സ്ഥാനം. രാജ്യത്തെ 25 മുൻനിര സർവകലാശാലകളുടെ പട്ടികയിൽ കേരളത്തിൽനിന്ന് എം.ജി സർവകലാ ശാല മാത്രമാണുള്ളത്. ഏഷ്യയിൽ 140-ാം സ്ഥാനത്താണ്.*

*ഏഷ്യയിലെ 853 സർവകലാശാലകളെയാണ് ഇത്തവണ റാങ്കിംഗിനായി പരിഗ ണിച്ചത്. ഗവേഷണം, അധ്യയനം, വിജ്ഞാന കൈമാറ്റം, രാജ്യാന്തര വീക്ഷണം എന്നീ സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് റാങ്കിംഗ് നിർണയിച്ചത്. ചൈനയിലെ സിൻഹുവ സർവകലാശാലയാണ് പട്ടികയിൽ ഒന്നാമത്. ടൈംസ് ഹയർ എജ്യു ക്കേഷന്റെ വിവിധ റാങ്കിംഗുകളിൽ തുടർച്ചയായി മികവു പുലർത്തുന്ന എം.ജി സർവ കലാശാല 2025ലെ ആഗോള റാങ്കിംഗിൽ 401 മുതൽ 400 വരെയുള്ള റാങ്ക് വിഭാഗത്തി ലാണ്.*

*(പി.ആർ.ഒ/39/1507/2025)*

## എം.ജി സർവകലാശാലയിൽ സൗജന്യ തൊഴിൽ മേള ഏപ്രിൽ 30ന്

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള സൗജന്യ തൊഴിൽ മേള ഏപ്രിൽ 30ന് രാവിലെ 10 മുതൽ നടക്കും.*

വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 450-ഓളം ഒഴിവുകളിൽ നിയമനം നൽകുന്നതിനായി നടത്തുന്ന മേളയിൽ എസ്എസ്എൽസി, പ്ലസ് ടൂ, ഡിപ്ലോമ, ഡിഗ്രി എന്നിവയിൽ ഏതെങ്കിലുമോ മന്ന് ഉയർന്ന യോഗ്യതകളോ ഉള്ളവർക്ക് പങ്കെടുക്കാം.

താല്പര്യമുള്ളവർ ഏപ്രിൽ 29ന് empekm.in/mccktm എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ www.facebook.com/MCCKTM എന്ന ഫേസ്ബുക് പേജിൽ ലഭിക്കും. ഫോൺ-0481-2731025, 9495628626.

(പി.ആർ.ഒ/39/1508/2025)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ ബിഎസ്സി സിബിസിഎസ്എസ് (2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, ബിഎസ്സി സൈബർ ഫോറൻസിക് (2017-2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

...........................

ഒന്നും രണ്ടും സെമസ്റ്റർ എംഎ മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ 2018 അഡ്മിഷൻ സപ്ലിമെന്ററി, 2016, 2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ഓഗസ്റ്റ് 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...........................

നാലാം സെമസ്റ്റർ സിബിസിഎസ്എസ് ബികോം (മോഡൽ 1,2,3) 2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....................

മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംകോം, മാസ്റ്റർ ഓഫ് കോമേഴ്സ് ആന്റ് മാനേജ്മെന്റ്, എംഎസ്സി ഫിസിക്സ് (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ

*2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് ഒൻപതു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.................

*ഒന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ഓപ്പറേഷൻസ് ആന്റ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മെയ് ഒൻപതു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1509/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ ഐഎംസിഎ (2024 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ മെഴ്സി ചാൻസ്), രണ്ടാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഏപ്രിൽ 29 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഏപ്രിൽ 30 വരെയും സൂപ്പർ ഫൈനോടുകൂടി മെയ് രണ്ടു വരെയും അപേക്ഷ സ്വീകരിക്കും.*

........................

*മൂന്നാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, എംഎസ്ഡബ്ല്യൂ, എംഎജെ, എംസിഎ, എംടിടിഎം, എംഎച്ച്എം, (സിഎസ്എസ്) മൂന്നാം സെമസ്റ്റർ എംഎൽഐഎസ്സി (2023 അഡ്മിഷൻ തോന്നവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഏപ്രിൽ 30 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് രണ്ടു വരെയും സൂപ്പർ ഫൈനോടുകൂടി മെയ് അഞ്ചു വരെയും അപേക്ഷ സ്വീകരിക്കും.*

....................

*രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎ, എംഎസ്സി പ്രോഗ്രം (പുതിയ സ്കീം-2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് മെയ് മൂന്നു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി മെയ് ആറു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1510/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**